**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6753** **11-11-2021 - ൽ മറുപടിയ്ക്ക്**

**മൃഗാശുപത്രികളുടെ ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡാനന്തരം മൃഗാശുപത്രിയിൽ അരുമ മൃഗങ്ങളുടെ പരിപാലനത്തിനും ചികിത്സയ്ക്കുമായി എത്തുന്നവരുടെ എണ്ണം കൂടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ തിരക്ക് നിയന്ത്രിക്കുവാനും മതിയായ ചികിത്സ ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ; | (ബി) | മൃഗാശുപത്രികളുടെ പ്രവർത്തന സമയത്തിന് ശേഷവും അടിയന്തിര ഘട്ടങ്ങളിൽ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി, നിലവിൽ സംസ്ഥാനത്തെ 156 കേന്ദ്രങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മൃഗസംരക്ഷണ വകുപ്പിന് കീഴിലെ 25 വെറ്ററിനറി പോളി ക്ലിനിക്കുകളും, 6 വെറ്ററിനറി ഹോസ്പിറ്റലുകളുമുൾപ്പെടെ 31 സ്ഥാപനങ്ങളിൽ 24 മണിക്കൂർ വെറ്ററിനറി സേവനം ആരംഭിച്ച് ഉത്തരവായിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ സേവനം കൂടി കർഷകർക്ക് പ്രയോജനപ്പെടുത്താനാകും. |
| (സി) | മൃഗാശുപത്രികളിൽ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി അറിയിക്കാമോ; | (സി) | ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | മൃഗാശുപത്രികൾ ആധുനികവത്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (ഡി) | 2021-22 സാമ്പത്തിക വർഷത്തിൽ മൃഗാശുപത്രികളുടെ വികസനവും, പുനസംഘടനയും എന്ന പദ്ധതിയിൽ 2,900 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ആവർത്തന ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്കുള്ള ധനസഹായം എന്ന ഘടകത്തിന് 182 ലക്ഷം രൂപയും, പ്രവർത്തന ചെലവുകൾക്ക് 50 ലക്ഷം രൂപയും, വെറ്ററിനറി പോളിക്ലിനിക്കുകളുടേയും, ആശുപത്രികളുടേയും, ഡിസ്പെൻസറികളുടേയും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങളുടേയും ശാക്തീകരണം എന്ന ഘടകത്തിന് 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഈ ഘടകങ്ങളിൽ ഉൾപ്പെടുത്തി കെട്ടിടം, |

| | | | |
|---|---|---|---|
| | | | ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ചെലവുകൾ നിർവ്വഹിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ